# കേരള സർവകലാശാല

നം. പി.ആർ.061/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.ടെക് പരീക്ഷ : പുതുക്കിയ തീയതി

കേരള സർവകലാശാല ഏപ്രിൽ 27-ന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ എം.ടെക് (ഫുൾടൈം & പാർട്ട് ടൈം), മൂന്നാം സെമസ്റ്റർ എം.ടെക് (പാർട്ട് ടൈം) - (2013 സ്കീം) - സി.എസ്.സി 1002 - അഡ്വാൻസ്ഡ് തിയറി ആൻഡ് ഡിസൈൻ ഓഫ് ആർ.സി സ്ട്രക്ച്ചർസ്, ആർ.സി.സി 1002 ടോപ്പിക്സ് ഇൻ ഡേറ്റാ ബേസ് ടെക്നോളജി (2013 അഡ്മിഷൻസ്) പരീക്ഷകൾ മേയ് 23-ലേക്കും ഏപ്രിൽ 29-ന് നടത്താനിരുന്ന സി.എസ്.എസ് 1005 - തിയറി ഓഫ് ഇലാസ്റ്റിസിറ്റി പരീക്ഷ മേയ് 24-ലേക്കും മാറ്റി.

### ബി.ടെക് പ്രാക്ടിക്കൽ

കേരള സർവകലാശാല ബി.ടെക് ആറാം സെമസ്റ്റർ (2013 സ്കീം) പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ 28-ന് തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.ടെക് : സൂക്ഷ്മപരിശോധന

കേരള സർവകലാശാല 2015 നവംബറിൽ നടത്തിയ എട്ടാം സെമസ്റ്റർ ബി.ടെക് പരീക്ഷയുടെ എല്ലാ ബ്രാഞ്ചുകളുടെയും ഉത്തരക്കടലാസുകൾ സൂക്ഷ്മപരിശോധനയ്ക്കുവേണ്ടി ഓൺലൈനായി അപേക്ഷിച്ചവർ ഏപ്രിൽ 26 മുതൽ മേയ് മൂന്ന് വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ പുനർമൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട സെക്ഷനിൽ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്, ഹാൾടിക്കറ്റ് എന്നിവ സഹിതം വൈകുന്നേരം മൂന്ന് മണിമുതൽ അഞ്ച് മണിവരെയുള്ള സമയങ്ങളിൽ ഹാജരാകണം.

### ബി.ബി.എ ഹാൾടിക്കറ്റ് കൈപ്പറ്റണം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2015 സെപ്റ്റംബറിൽ തിരുവനന്തപുരം, കൊല്ലം കേന്ദ്രങ്ങളിൽ നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ ബി.ബി.എ പരീക്ഷയുടെ മാർക്ക്‌ലിസ്റ്റുകൾ ഏപ്രിൽ 27, 28, 29 തീയതികളിൽ പാളയം എസ്.ഡി.ഇ ഓഫീസിൽ നിന്നും ഹാൾടിക്കറ്റ് സഹിതം വന്ന് കൈപ്പറ്റണം.

### പി.ജി ഓൺലൈൻ: അപേക്ഷ മേയ് 10 വരെ

കേരള സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിലെ ബിരുദാനന്തര കോഴ്സുകളിലേക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി മേയ് 10 വൈകുന്നേരം അഞ്ച് മണിവരെ നീട്ടി.

### കൗൺസലിംഗ് സൈക്കോളജി കോഴ്സ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമാ ഇൻ കൗൺസലിംഗ് സൈക്കോളജി കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: കേരള സർവകലാശാലയുടെ

അംഗീകാരമുള്ള ബിരുദം. ഫീസ് 16500/- രൂപ. കാലാവധി ഒരു വർഷം. ക്ലാസുകൾ ശനി, ഞായർ ദിവസങ്ങളിൽ നടത്തും. പ്രായപരിധിയില്ല. മാർക്ക്ലിസ്റ്റുകളുടെ പകർപ്പുകൾ സഹിതം അഞ്ച് രൂപയുടെ സ്റ്റാമ്പ് ഒട്ടിച്ച സ്വന്തം മേൽവിലാസമെഴുതിയ കവർ കൂടി അയയ്ക്കണം. അവസാന തീയതി മേയ് ആറ്. അപേക്ഷ പി.എം.ജിയിലെ തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രത്തിൽ നിന്നും വാങ്ങാം. അപേക്ഷ വെബ്സൈറ്റിൽ (www.keralauniversity.ac.in) നിന്നും ഡൗൺലോഡ് ചെയ്ത് ഡി.ഡി സഹിതവും സമർപ്പിക്കാം.

## ബി.ടെക് ഫലം

കേരള സർവകലാശാല 2015 ഒക്ടോബർ/നവംബറിൽ നടത്തിയ ഏഴാം സെമസ്റ്റർ ബി.ടെക് (റഗുലർ & സപ്ലിമെന്ററി - 2008 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി മേയ് 10 വരെ അപേക്ഷിക്കാം. പുനർമൂല്യനിർണ്ണയത്തിന് വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാം.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
25.04.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**